# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4467 — 13/11/2019 ൽ മറുപടിയ്ക്ക്

### ഓപ്പറേഷൻ ജന്മഭൂമി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയമായ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്ന ഓപ്പറേഷൻ ജന്മഭൂമി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | | അങ്ങനെയൊരു പദ്ധതി സർക്കാർ തീരുമാനിച്ചിട്ടില്ല എന്നാൽ പൊതുസ്ഥലങ്ങളിലും, സർക്കാർ സ്ഥാപനങ്ങളുടെ അധീനതയിലുമുള്ള സ്ഥലങ്ങളിൽ വനം വകുപ്പ് വച്ച് പിടിപ്പിച്ചതും, റൊട്ടേഷൻ പ്രായം കഴിഞ്ഞതുമായ അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയമായ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിനായി 'ഓപ്പറേഷൻ ജന്മഭൂമി' എന്ന പേരിൽ പദ്ധതി നടപ്പാക്കാൻ ആലോചിക്കുന്നുണ്ട്. |
| ബി | ഈ പദ്ധതിയിൽ ഏതൊക്കെ മരങ്ങളാണ് വച്ചുപിടിപ്പിക്കുന്നതെന്ന് അറിയിക്കുമോ; | ബി | തദ്ദേശീയ വൃക്ഷങ്ങളായ ഞാവൽ, മാവ്, പ്ലാവ്, ആഞ്ഞിലി, പേര, അത്തി, പുളി, നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങളും, കണിക്കൊന്ന, മരുത്, മണിമരുത്, ചമത, മന്ദാരം, ചെമ്പകം തുടങ്ങിയ പുഷ്പിക്കുന്ന വൃക്ഷങ്ങളും, തടിയ്ക്കനുയോജ്യമായ തേക്ക്, ഈട്ടി, പൂവരശ്, കമ്പകം, കരിമരുത്, തുടങ്ങിയവയും, ഔഷധ ഇനത്തിൽപ്പെട്ട കാഞ്ഞിരം, കുമ്പിൾ, വേപ്പ്, കുടംപുളി, ചന്ദനം, ഉങ്ങ്, ആൽ, രക്തചന്ദനം, കൂവളം, താന്നി, അശോകം പതിമുഖം തുടങ്ങിയവയും, നട്ടുപിടിപ്പിക്കാനാണ് ആലോചിക്കുന്നത്. |
| സി | വഴിവക്കുകളിൽ വച്ചുപിടിപ്പിക്കുന്ന വൃക്ഷതൈകൾ സംരക്ഷിക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി വിഭാഗം നടപടി സ്വീകരിക്കാത്തത് മൂലം ഭൂരിഭാഗവും നശിച്ചുപോകുന്നുവെന്നത് വസ്തുതയല്ലേ; എങ്കിൽ ഒരു നിശ്ചിത കാലയളവിലേയ്ക്ക് അവ സംരക്ഷിക്കുന്നതിന് ശ്രദ്ധ പതിപ്പിക്കുമോയെന്ന് അറിയിക്കുമോ? | സി | വഴിവക്കുകളിൽ വൃക്ഷത്തൈകൾ നടുന്നതോടൊപ്പം തന്നെ അവ സംരക്ഷിക്കുന്നതിനായി ട്രീ ഗാർഡുകൾ സ്ഥാപിയ്ക്കുന്നുണ്ട്. ഇപ്രകാരം നടുന്ന തൈകളുടെ പരിചരണം ഫണ്ട് ലഭ്യത അനുസരിച്ച് പരമാവധി 3 വർഷം വരെ വനം വകുപ്പ് നടത്തുന്നു. തുടർന്ന് മരങ്ങളുടെ സംരക്ഷണ ചുമതല വൃക്ഷത്തൈകൾ നട്ടിരിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥതയുള്ള വകുപ്പുകൾക്കാണ്. |

സെക്ഷൻ ഓഫീസർ